I/186588/2024

**ഫയൽ നം : SSG 2/22/2024-TC** **തിയതി : 05-03-2024**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

**സ്വീകർത്താവ്,**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **ആധാർ ബേസ്ഡ് മൊബൈൽ അപ്ഡേഷൻ - യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് നു വേണ്ടിയുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ** - സംബന്ധിച്ച്.

**സൂചന :-** 1. SSG 2/243/2023-TC നമ്പർ നിർദ്ദേശങ്ങൾ തീയതി 16/11/2023
2. WP(C) No. 12759/2023 തീയതി 11/04/2023 ലെ വിധിന്യായം
3. B2/293/2023-Trans തീയതി 08/12/2023 നിർദ്ദേശങ്ങൾ
4. നവകേരള സദസ്സ് വഴി കേരള സ്റ്റേറ്റ് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ നൽകിയ വിവിധ പരാതികൾ
5. സർക്കുലർ 07/2023, തീയതി 29/03/2023
6. GSR 901(E) തീയതി 22/12/2022
7. SSG 2/22/2024-TC നമ്പർ നിർദ്ദേശങ്ങൾ തീയതി 17/02/2024

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 7 പ്രകാരം നൽകിയ നിർദ്ദേശങ്ങളിൽ, പോയിന്റ് 2 ൽ 200 രൂപയുടെ സത്യവാങ്മൂലം പരിവാഹനിൽ അപ്‌ലോഡ് ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ പൊതുവായ ഫോർമാറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. ഓഫീസ് മേധാവികൾ ടി ഫോർമാറ്റിന്റെ അടിസ്ഥാനത്തിൽ സൂചന 7 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 05-03-2024 10:08:20

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

# സത്യവാങ്മൂലം

**{പേര്, വിലാസം, ആധാർ നമ്പർ} റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ {ആർ.ടി.ഓ/സബ് ആർ.ടി.ഓ യുടെ പേര്} മുൻപാകെ സമർപ്പിക്കുന്ന സത്യവാങ്മൂലം**

1. ------- തീയതി മുതൽ ഞാൻ {സ്ഥാപനത്തിന്റെ പേര്, സ്ഥാപനത്തിന്റെ വിലാസം} എന്ന ഒരു യൂസ്ഡ് വെഹിക്കിൾ ഷോപ്പ് നടത്തി വരികയാണ്.

2. പരിവാഹനിലെ ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് (DAUC) പോർട്ടലിലൂടെ ഞാനോ, എന്റെ പേരിലുള്ള മാറ്റ് സ്ഥാപനങ്ങളോ നാളിതുവരെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടില്ല.

3. നിലവിൽ എന്റെ ഷോപ്പിൽ ----- എണ്ണം യൂസ്ഡ് വാഹനങ്ങൾ സെക്കൻഡ് ഹാൻഡ് സെയിലിന് വേണ്ടി വാങ്ങി കൈവശം സൂക്ഷിച്ചിട്ടുണ്ട്. ഇവയുടെ രെജിസ്ട്രേഷൻ നമ്പർ, വാഹനത്തിന്റെ തരം എന്നിവ അനുബന്ധമായി ചേർക്കുന്നു.

4. ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No. 12759/2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ നൽകുന്ന നിർദ്ദേശങ്ങൾ ഞാൻ പൂർണ്ണമായും പാലിക്കുന്നതാണ്.

5. ഞാൻ സെക്കൻഡ് ഹാൻഡ് സെയിലിന് വേണ്ടി, വാങ്ങി കൈവശം സൂക്ഷിച്ചിരിക്കുന്ന ---------- രെജിസ്ട്രേഷൻ നമ്പറിലുള്ള -- {തരം} --, വാഹനത്തിന്റെ രേജിസ്റ്റേഡ് ഓണർ ആയ ശ്രീ / ശ്രീമതി {പേര്, വിലാസം} എന്നയാളുടെ മൊബൈൽ ഫോൺ നമ്പർ ലഭ്യമല്ലാത്തതിനാൽ, എന്റെ ആധാർ നമ്പർ {ആധാർ നമ്പർ} മായി ബന്ധിപ്പിച്ചിരിക്കുന്ന ഫോൺ നമ്പർ {നമ്പർ}, പ്രസ്തുത വാഹനത്തിന്റെ പേരിൽ പരിവാഹൻ പോർട്ടലിൽ ചേർത്ത് നൽകണം എന്ന് ഞാൻ അപേക്ഷ നൽകിയിട്ടുള്ളതാണ്.

6. രേജിസ്റ്റേഡ് ഓണറുടെ മൊബൈൽ ഫോൺ നമ്പർ ലഭ്യമല്ലാത്തതിനാൽ, ഓൺ ലൈൻ മുഖേന ലഭ്യമാകുന്ന വാഹനത്തിന്റെ സർവീസുകൾ നേടുന്നതിന് മാത്രമാണ് എന്റെ ആധാറിൽ ബന്ധിപ്പിച്ചിരിക്കുന്ന ഫോൺ നമ്പർ പ്രസ്തുത വാഹനത്തിൻറെ പേരിൽ പരിവാഹൻ പോർട്ടലിൽ ചേർക്കുന്നതെന്നും, തന്മൂലം വാഹനത്തിന്റെ ഉടമസ്ഥാവകാശം എന്റെ പേരിലേക്ക് മാറുന്നില്ല എന്നും, രേജിസ്റ്റേഡ് ഓണർക്കോ അവകാശികൾക്കോ തങ്ങളുടെ മൊബൈൽ ഫോൺ നമ്പർ പരിവാഹൻ പോർട്ടലിൽ ചേർത്ത് വാഹനത്തിന്റെ സർവീസുകൾ നേടുന്നതിന് എനിക്ക് യാതൊരു വിധ എതിർപ്പ് ഇല്ല എന്നും സത്യവാങ്മൂലം നൽകുന്നു.

7. എന്റെ മൊബൈൽ ഫോൺ നമ്പർ അപ് ഡെറ്റ് ചെയ്യുന്നത് മൂലം പ്രസ്തുത വാഹനത്തിൻറെ രേജിസ്റ്റേഡ് ഓണർക്കോ, അവകാശികൾക്കോ പ്രസ്തുത വാഹനവുമായി ബന്ധപ്പെട്ട മറ്റാർക്കെങ്കിലുമോ ഏതെങ്കിലും തരത്തിലുള്ള കഷ്ട നഷ്ടങ്ങൾ ഉണ്ടാകുന്നു എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തം ആണെന്ന് ഞാൻ ഇതിനാൽ സത്യവാങ്മൂലം നൽകുന്നു.

8. സെക്കൻഡ് ഹാൻഡ് യൂസ്ഡ് വാഹനം വിൽക്കുന്ന എന്റെ സ്ഥാപനം ഇന്നേക്ക് 3 മാസത്തിനുള്ളിൽ തന്നെ കേന്ദ്രസർക്കാർ GSR 901 (E) എന്ന വിജ്ഞാപനത്തിൽ പറയുന്ന, കേന്ദ്ര മോട്ടോർ വാഹന ചട്ടം-55 (A) പ്രകാരമുള്ള Dealer Authorization Certificate (DAUC) കരസ്ഥമാക്കും എന്നും തുടർന്നുള്ള വാഹന വിൽപ്പന പ്രസ്തുത ലോഗിൻ മുഖാന്തരം മാത്രം ആയിരിക്കും എന്നും ഇതിനാൽ സത്യവാങ്മൂലം നൽകുന്നു.

മേൽ സൂചിപ്പിച്ച വിവരങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും, സത്യവും പൂർണ്ണവുമാണെന്നും ഏതെങ്കിലും കാരണവശാൽ ഞാൻ നൽകിയ വിവരങ്ങൾ വാസ്തവ വിരുദ്ധവുമാണെന്ന് തെളിയിയ്ക്കപ്പെട്ടാൽ, ഇതുമൂലം ഉണ്ടാവുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ഞാൻ ബാധ്യസ്ഥനായിരിയ്ക്കുമെന്നും, അതിനെ തുടർന്നുള്ള എല്ലാവിധ നിയമനടപടികൾക്കും ഞാൻ വിധേയനായിരിയ്ക്കുമെന്നുള്ള പൂർണ്ണ ബോധ്യമുണ്ടെന്നു ഇതിനാൽ സമ്മതിയ്ക്കുന്നു.